# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2025

19.06.2012 ൽ മറുപടിയ്ക്ക്

## കാർഷികവായ്പകളുടെ പലിശ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കാർഷിക വായ്പകൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ശതമാനം പലിശയാണ് ഈടാക്കി വരുന്നത്; | (എ) ഹ്രസ്വകാല കാർഷിക വായ്പകൾ 7% പലിശയ്ക്കാണ് വിതരണം ചെയ്യുന്നത്. ദീർഘകാല കാർഷിക വായ്പകൾ പരമാവധി 14.25% നിരക്കിലാണ് വിതരണം ചെയ്യുന്നത്.<br>എന്നാൽ ഹ്രസ്വകാല കാർഷിക വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശരഹിത വായ്പയായി നൽകുന്നതിന് പദ്ധതി അംഗീകരിച്ച നടപ്പിലാക്കിയിട്ടുണ്ട്. 2012-13 വർഷം മുതൽ ഈ പദ്ധതിയുടെ പ്രയോജനം കർഷകർക്ക് ലഭിക്കുന്നതാണ്. |
| (ബി) 2008 ൽ കാർഷിക വായ്പ എടുത്തവർക്ക് പലിശ കാലാവധി പുതുക്കാത്തതു കാരണം ഇരട്ടിയാക്കാൻ സംസ്ഥാന സഹകരണ ബാങ്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) കാലാവധി പുതുക്കാത്തതുകാരണം ഇരട്ടിയാക്കുന്നതു സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടില്ല. |

| | |
|---|---|
| (സി) 2012-13 സാമ്പത്തിക കാലയളവിൽ കാർഷിക വായ്പയ്ക്ക് 0% പലിശ എന്നത് സംസ്ഥാന സഹകരണ ബാങ്ക് അംഗീകരിച്ചിട്ടുണ്ടോ? | (സി) സംസ്ഥാന സഹകരണ ബാങ്ക് നേരിട്ട് ഹ്രസ്വകാല കാർഷിക വായ്പ വിതരണം ചെയ്യുന്നില്ല. |

സെക്ഷൻ ഓഫീസർ